**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം : 4452** **13.11.2019 ലെ മറുപടിക്ക്**

## പൊതുലൈബ്രറികളുടെ ഉന്നമനം

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. പാറക്കൽ അബ്ദുല്ല :** | **ഡോ. കെ.ടി. ജലീൽ**<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) വായനാശീലം പൊതുവെ കുറയുന്നു എന്ന് പറയുമ്പോഴും സംസ്ഥാനത്ത് പൊതുലൈബ്രറികളുടെ എണ്ണം കൂടുന്നതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) രാജ്യത്ത് ഏറ്റവും കൂടുതൽ പൊതുലൈബ്രറികളുള്ള സംസ്ഥാനങ്ങളിൽ രണ്ടാം സ്ഥാനം കേരളത്തിനാണോയെന്ന് വെളിപ്പെടുത്താമോ ; | (ബി) രാജാറാം മോഹൻ റോയ് ഫൗണ്ടേഷന്റെ ഔദ്യോഗിക വെബ് സൈറ്റിലെ പബ്ലിക് ലൈബ്രറീസ് സ്റ്റാറ്റിസ്റ്റിക്സ് പ്രകാരം പൊതു ലൈബ്രറികളുള്ള സംസ്ഥാനങ്ങളിൽ രണ്ടാംസ്ഥാനം കേരളത്തിനാണ്. |
| (സി) സംസ്ഥാനത്ത് പത്തുവർഷം മുമ്പ് 4889 ലൈബ്രറികളായിരുന്നെങ്കിൽ ഇപ്പോഴത് 8415 എണ്ണമായി ഉയരുകയുണ്ടായോ ; എങ്കിൽ പൊതുലൈബ്രറികളുടെ ഉന്നമനത്തിനായി ഭാവിയിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്നറിയിക്കുമോ ? | (സി) 05.11.2019 വരെ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ 8636 ഗ്രന്ഥശാലകൾ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്.<br>ഗ്രന്ഥശാലകളെ സാമൂഹിക വികസനത്തിന്റെ കേന്ദ്രസ്ഥാനമാക്കുക എന്നതാണ് പ്രഖ്യാപിത ലക്ഷ്യം. അതിനായി വികസന പ്രവർത്തനങ്ങളുടെ വിവര വിതരണ കേന്ദ്രമായും സേവനങ്ങൾ ലഭ്യമാക്കുന്ന കേന്ദ്രമായും വർത്തിക്കുന്ന ഇ-വിജ്ഞാന സേവന കേന്ദ്രങ്ങൾ ഗ്രന്ഥശാലകളിൽ പ്രവർത്തിക്കുന്നുണ്ട്. ബാലവേദികൾ, യുവജന വേദികൾ, വനിതാ വേദികൾ, ഗുരുസംഗമ |

വേദികൾ എന്നിവയുടെ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിലെ എല്ലാ വിഭാഗത്തിനേയും ഗ്രന്ഥശാലാ പ്രവർത്തനത്തിൽ പങ്കാളികളാക്കുവാൻ കഴിയുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഗ്രന്ഥശാലകളെ ആധുനികവത്കരിച്ച് സമഗ്ര സംവേദന കേന്ദ്രങ്ങളായും പ്രാദേശിക വികസന പ്രവർത്തനങ്ങളുടെ കേന്ദ്രസ്ഥാനമായും മാറ്റാൻ കഴിയുന്നതാണ്.

**സെക്ഷൻ ഓഫീസർ**